# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6184 08.07.2014-ൽ മറുപടിയ്ക്ക്**

**ഭൂമി തട്ടിപ്പ് കേസുകൾ അന്വേഷിക്കുന്ന സി.ബി.ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. സത്യൻ | ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) കളമശ്ശേരി, കടകംപള്ളി ഭൂമി തട്ടിപ്പു കേസുകൾ അന്വേഷിക്കുന്ന സി.ബി.ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ ; വ്യക്തമാക്കാമോ ; | (എ) സി.ബി.ഐ. സംഘത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹു. കേരള ഹൈക്കോടതി പ്രത്യേക നിർദ്ദേശം നല്കിയിരുന്നില്ല. എന്നാൽ കേസുമായി ബന്ധപ്പെട്ട രേഖകൾ സി.ബി.ഐ. യ്ക്ക് കൈമാറണമെന്ന് കോടതി നിർദ്ദേശിച്ചിരുന്നു. അന്വേഷണത്തിനായി റവന്യൂ ഇന്റലിജൻസ്/വിജിലൻസ്/പോലീസ് വിഭാഗങ്ങളുടെ സഹായം പ്രയോജനപ്പെടുത്താമെന്നും ഉത്തരവിൽ പറയുന്നു. |
| ബി) ഈ കേസന്വേഷണവുമായി ബന്ധപ്പെട്ട് സി.ബി.ഐ സംഘം എന്തെല്ലാം കാര്യങ്ങൾ ലഭ്യമാക്കണമെന്നാണ് ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ സി.ബി.ഐ.ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) & (സി)<br><br>അന്വേഷണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും, എറണാകുളത്തും ഓഫീസും അനുബന്ധ സൗകര്യങ്ങളും, വാഹനം പോലീസ്/വിജിലൻസ്/റവന്യൂ/സർവ്വേ/രജിസ്ട്രേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമായ സമയത്ത് വിട്ടു നല്കണമെന്നുമാണ് സി.ബി.ഐ. ആവശ്യപ്പെട്ടിരുന്നത്. ആവശ്യപ്പെട്ട മുഴുവൻ സൗകര്യങ്ങളും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ